DESPATCHED
On...08/06/2020
17.3.20



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic@kerala.nic.in

ഹർജി നമ്പർ **AP.442(2)/2018**/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നം.2014/എസ്.ഐ.സി-ജി 6/18

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ

ശ്രീ. സി.എ.ഉണ്ണികൃഷ്ണൻ
ചെമ്പംപാടത്ത് വീട്
വാക്കടപ്പുറം
കാരാക്കുറുശ്ശി-678595 } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
താലൂക്ക് സപ്ലൈ ആഫീസർ
താലൂക്ക് സപ്ലൈ ആഫീസ്
ഒറ്റപ്പാലം-679101

2. അപ്പീൽ അധികാരി ആന്റ് ജില്ലാ സപ്ലൈ ഓഫീസർ
ജില്ലാ സപ്ലൈ ഓഫീസ്,
സിവിൽ സ്റ്റേഷൻ
പാലക്കാട്

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 19.10.2017 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 06.11.2017 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 27.11.2017 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 07.12.2017 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 23.02.2018 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 01.03.2018 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 16.04.2019, 19.10.2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 07.05.2019, 24.10.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 31.10.2019 – വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, പാലക്കാട് |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ എല്ലാ ചോദ്യങ്ങൾക്കും മറുപടി ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും എതിർകക്ഷികൾക്കെതിരെ നടപടി സ്വീകരിക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 19.10.2017 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ARD No.231 ൽ PKD No-394409 പ്രകാരം റേഷൻ കാർഡിൽ ഉണ്ടായിരുന്ന ഹർജിക്കാരന്റെ പേര് 24.12.20018 ൽ അനുവദിച്ച 1948121300 കാർഡ് നമ്പർ പ്രകാരം നീക്കം ചെയ്യുവാൻ നടത്തിയ നടപടിക്രമങ്ങളുടെ എല്ലാ രേഖകളും ലഭിക്കുന്നതുമായി ബന്ധപ്പെട്ട 7 ഇനം ചോദ്യങ്ങളാണ് ആവശ്യപ്പെട്ടത്.

3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 06.11.2017 തീയതി നൽകിയ മറുപടിയിൽ അറിയിച്ചത്, 1948121300-ാം നമ്പർ റേഷൻകാർഡ് പുതുക്കുന്നതിനായി 2007 ലും 2014 ലും നൽകിയ അപേക്ഷകൾ മാത്രമാണ് ടി ഓഫീസിൽ ലഭ്യമായിട്ടുള്ളതെന്നാണ്.

4. മേൽപ്പടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ 27.11.2017 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു. ആയതിൽ അറിയിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ നൽകിയ മറുപടി പൂർണ്ണമല്ലെന്നും ചോദ്യങ്ങൾക്ക് വ്യക്തമായ മറുപടി നൽകണമെന്നുമാണ്.

5. മേൽപ്പടി അപ്പീൽ അപേക്ഷയിൻമേൽ രണ്ടാം എതിർകക്ഷി 07.12.2017 തീയതി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരാവകാശ അപേക്ഷയിൽ 7 ചോദ്യങ്ങൾക്ക് ഒന്നാമത്തെ ചോദ്യത്തിനുമാത്രമേ എസ്.പി.ഐ.ഒ മറുപടി നൽകിയിട്ടുള്ളുവെന്നും അക്കമിട്ട് ചോദിച്ചിട്ടുള്ള ചോദ്യങ്ങൾക്ക് അക്കമിട്ട് തന്നെ വിവരം 14 ദിവസത്തിനകം ഹർജിക്കാരന് നൽകണമെന്നാണ്. 03.01.2018 ന് എസ്.പി.ഐ.ഒ നൽകിയ കത്തിൽ 2 മുതൽ 7 വരെ ചോദ്യങ്ങൾക്ക് അക്കമിട്ട് മറുപടി നൽകി.

6. 07.05.2019 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, 19.10.2017 ന് സമർപ്പിച്ച അപേക്ഷയിൽ 06.11.2017 ന് എസ്.പി.ഐ.ഒ നൽകിയ മറുപടിയിൽ തൃപ്തനാകാതെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും

അപേക്ഷകൻ അക്കമിട്ട് ചോദിച്ച ചോദ്യങ്ങൾക്ക് അങ്ങനെ തന്നെ മറുപടി നൽകാൻ അപ്പീൽ അധികാരി ഉത്തരവ് നൽകിയ പ്രകാരം എസ്.പി.ഐ.ഒ മറുപടി നൽകിയെന്നുമാണ്. മറുപടി പകർപ്പ് 24.10.2019 ന് കമ്മീഷനിലേയ്ക്ക് അയച്ചു നൽകി.

7. അപ്പീൽ ഹർജിയും ഹിയറിംഗിന് എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ അപ്പീൽ അധികാരിയുടെ നിർദ്ദേശത്തെത്തുടർന്ന് അക്കമിട്ട് തന്നെ നൽകിയതായി കാണുന്നതിനാൽ ടി അപ്പീൽ ഹർജിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്നു കണ്ട് ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 മാർച്ച് 17-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM